**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1049** **14-10-2026-ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** 2021-26 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

**മറുപടി:** 2021-26 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ചുമതലയുള്ളതുമായ പ്രവൃത്തികളുടെ തൽസ്ഥിതി വിവരവും **അനുബന്ധമായി** ചേർക്കുന്നു

**(ബി)** പ്രസ്തുത പ്രവൃത്തികളിൽ ഹാർബർ എഞ്ചിനീയറിംഗ് ചുമതലയുള്ളതും കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ചുമതലയുള്ളതും ആയ പ്രവൃത്തികളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ?

**മറുപടി:** 2021-26 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ചുമതലയുള്ളതുമായ പ്രവൃത്തികളുടെ തൽസ്ഥിതി വിവരവും **അനുബന്ധമായി** ചേർക്കുന്നു

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

1) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പഞ്ചായത്തിൽ 2021-22 വർഷത്തിൽ JMK Fish Marketing Outlet എന്ന പദ്ധതി പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Total Project Cost 10 ലക്ഷം രൂപയാണ്. ആയതിൽ സബ്സിഡി തുക 6 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം 4 ലക്ഷം രൂപയുമാണ്.

2) മാവേലിക്കര മണ്ഡലത്തിൽ തഴക്കര പഞ്ചായത്തിൽ PMMSY പദ്ധതിയുടെ ഭാഗമായി Fish Kiosk എന്ന പദ്ധതി 2023-24 കാലയളവിൽ പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Total Project Cost 10 ലക്ഷം രൂപയാണ്. ആയതിൽ സബ്സിഡി തുക 4 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം 6 ലക്ഷം രൂപയുമാണ്.

### മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

**1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി)**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തനമൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മാവേലിക്കര മണ്ഡലത്തിലെ നൂറനാട് സംഘത്തിന് മത്സ്യബന്ധന ഉപകരണ വായ്പയായി 22 മത്സ്യബന്ധന ഗ്രൂപ്പുകളിലെ 34 ഗുണഭോക്താക്കൾക്കായി 2.86 ലക്ഷം രൂപയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50,000/- രൂപയും വായ്പയായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**2. ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി**

മത്സ്യത്തൊഴിലാളി മേഖലയിലെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് എൻ.ബി.സി.എഫ്.ഡി.സിയുടേയും എൻ.എം.ഡി.എഫ്.സിയുടേയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്ത് വരുന്നു. എൻ.ബി.സി.എഫ്.ഡി.സി പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 1,25,000/- രൂപ വരെ മൂന്ന് വർഷത്തെ തിരിച്ചടവ് കാലാവധിയിലും, എൻ.എം.ഡി.എഫ്.സി പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ രണ്ട് വർഷത്തെ തിരിച്ചടവ് കാലാവധിയിലുമാണ് വായ്പ നല്കിവരുന്നത്. ടി പദ്ധതി

പ്രകാരം പ്രസ്തുത മണ്ഡലത്തിലെ നൂറനാട് മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള 36 സ്വയം സഹായ ഗ്രൂപ്പുകളിലെ 467 അംഗങ്ങൾക്കായി 207.30 ലക്ഷം രൂപ മൈക്രോഫിനാൻസ് വായ്പയായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധഘട്ടങ്ങളിലായി വിതരണം ചെയ്ത് വരുന്നു. ആദ്യ വായ്പ പതിനായിരം രൂപ ഒരു വർഷകാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി ഇരുപതിനായിരം രൂപ വിതരണം ചെയ്തു വരുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ നൂറനാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിലെ 10 പ്രവർത്തന ഗ്രൂപ്പുകളിലെ 86 ഗുണഭോക്താക്കൾക്കായി 17.20 ലക്ഷം രൂപ പലിശ രഹിത വായ്പയായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**4.ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)**

മത്സ്യഫെഡ് മൈക്രോഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെയും, മാരകരോഗം ബാധിച്ചവരുടെയും വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100/- രൂപ, മാക്സിമം 210/-രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ പദ്ധതി അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്. ടി പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ നൂറനാട് സഹകരണ സംഘത്തിലെ മരണമടഞ്ഞതും, മാരകരോഗം ബാധിച്ചതുമായ ഗുണഭോക്താക്കളുടെ വായ്പ കണക്കിൽ ബാക്കി നിന്ന 1.37 ലക്ഷം രൂപ പൂർണ്ണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്.

**5.സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി**

പ്രസ്തുത പദ്ധതി പ്രകാരം ഭരണസമിതി നിലവിലുള്ളതും, എന്നാൽ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതുമായ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ച് വരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് ഭരണസമിതിയുടെ തീരുമാന പ്രകാരം സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ടി പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ നൂറനാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് 9 ലക്ഷം രൂപ വായ്പയായി അനുവദിച്ചു നൽകിയിട്ടുണ്ട്.

**6. മാവേലിക്കര മണ്ഡലത്തിൽ 2023 ൽ മത്സ്യഫെഡ് മുഖേന നൂറനാട് ഫിഷ് ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്.**

-

**<u>സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

2 0 21-26 മുതൽ നാളിതു വരെ മാവേലിക്കര മണ്ഡലത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതി നടപ്പിലാക്കി. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റ് 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

5 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 2 യൂണിറ്റുകൾ ആരംഭിച്ചു. ഇതിൽ ഒരു യൂണിറ്റ് (2 അംഗങ്ങൾ) നന്നായി പ്രവർത്തിക്കുന്നുണ്ട്. വാഷിംഗ് പ്രോഡക്റ്റ്സ് & സ്റ്റേഷനറി സംരംഭം നടത്തുന്ന ഈ യൂണിറ്റിന് പ്രതിമാസം 50000 മുതൽ 60000 രൂപ വരെ വിറ്റുവരവുണ്ട്. മറ്റൊരു യൂണിറ്റായ മൊബൈൽ ഫിഷ് വെൻഡിങ്ങ് കിയോസ്ക് (3 അംഗങ്ങൾ) നിലവിൽ പ്രവർത്തിക്കുന്നില്ല.

**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| - **<u>2021-22</u>** | | | |
| 1 | പാലമേൽ ഗ്രാമപഞ്ചായത്തിലെ ഇടഞ്ഞയ്യത്ത് ജംഗ്ഷൻ ചൂരൽവയൽ ഏലാ-മായക്ഷിക്കാവ് റോഡ് | 71.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | തെക്കേകര ഗ്രാമപഞ്ചായത്തിലെ അത്തോദയം തടിമിൽ മുതൽ ഇടക്കടവ് ട്രാൻസ്ഫോർമർ റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | 68.90 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| **<u>2022-23</u>** - | | | |

| | | | |
|---|---|---|---|
| 1 | തഴക്കര പഞ്ചായത്ത് വെട്ടിയാർ പാലം – ആറ്റുതീരം റോഡ് & തുണ്ടിത്തറ – മണപ്പുറത്ത് റോഡ് | 36.80 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | നൂറനാട് – പുലിമേൽ ചുനക്കര ബണ്ട് റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | 25.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2023-24** | | | |
| 1 | നൂറനാട് – പുലിമേൽ ചുനക്കര ബണ്ട് റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | 70.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2024-25** | | | |
| 1 | പാലമേൽ പഞ്ചായത്ത് ആറാം വാർഡിലെ പാലമേൽ കരിങ്ങാലി പുഞ്ച കുടശ്ശനാട് മുക്കം ബണ്ട് റോഡ് | 63.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2025-26** | | | |
| 1 | വള്ളിക്കുന്നം കഞ്ഞിപ്പുഴ പള്ളിമുക്ക് പറയന്റെ കിഴക്കതിൽ ജംഗ്ഷൻ റോഡ്- 2nd റീച്ച്. | 123.00 ലക്ഷം | ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. |

മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര മുനിസിപ്പാലിറ്റിയിലെ വാർഡ് നമ്പർ 9 ലെ പ്രായിക്കര അച്ചൻകോവിലാർ തീരം റോഡ് പ്രവൃത്തിക്കായി 15/08/2019 തീയതിയിലെ സ.ഉ.(സാധാ)നം.613/2019/മത്സ്യ പ്രകാരം 76.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് രണ്ട് കരാറുകളിൽ ഏർപ്പെട്ടുവെങ്കിലും പ്രവൃത്തി സ്ഥലത്തോട് ചേർന്ന് കിടക്കുന്ന പുഴയുടെ ദിശമാറിയുള്ള ഒഴുക്കുമൂലം പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. അംഗീകരിച്ച ലേഔട്ടിൽ നിന്നും വ്യത്യാസപ്പെടുത്തി പ്രവൃത്തി ഏർപ്പാടാക്കേണ്ടതിനാൽ പുതുക്കിയ ലേഔട്ട് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | വർഷം | അടങ്കൽ തുക (ലക്ഷം) | പ്രവൃത്തികളുടെ തൽസ്ഥിതി |
|---|---|---|---|---|
| 1 | പടനിലം മത്സ്യമാർക്കറ്റ്, നൂറനാട്, ആലപ്പുഴ | 2023 - 24 | 150.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | **കിഫ്ബി പദ്ധതികൾ** | | | |
| 1 | മത്സ്യ മാർക്കറ്റ്, താമരകുളം | 2021 – 22 | 227.52 | വർക്ക് ടെണ്ടർ ചെയ്തു കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടു. പഞ്ചായത്ത് നിർദ്ദേശിച്ച മാറ്റങ്ങൾക്ക് അനുസരിച്ചുള്ള പുതുക്കിയ പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ് |
| 2 | മത്സ്യ മാർക്കറ്റ്, മാങ്കാംകുഴി | 2021 – 22 | 176.13 | പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ് |